ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരണം സംബന്ധിച്ച് കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ വിഷയം സംബന്ധിച്ച് കേന്ദ്ര പ്രതിനിധികൾ കേരളം സന്ദർശിക്കുകയും നിയന്ത്രണ അതോറിറ്റി രൂപവൽക്കരണം സാദ്ധ്യമായി ഇല്ലെങ്കിൽ കേന്ദ്ര പൂളിൽ നിന്ന് വൈദ്യുതി വിഹിതം വെട്ടിക്കുറയ്ക്കുമെന്ന് മുന്നറിയിപ്പ് നൽകിയിരുന്നോ ;

(സി) കേന്ദ്രത്തിൽ അധികാരത്തിലിരുന്ന ഐക്യമുന്നണി ഗവൺമെന്റ് ഇപ്രകാരമൊരു നിയന്ത്രണ സമിതിയ്ക്ക് ശ്രമിച്ചിരുന്നോ യെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 1998 ലെ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻ ആക്ടിന്റെ സെക്ഷൻ 17 (1) അനുസരിച്ച് സംസ്ഥാനത്ത് സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷനുകൾ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) അറിയില്ല.

(സി) 1998 ഏപ്രിൽ മാസത്തിൽ കേന്ദ്ര ഊർജ്ജ മന്ത്രി ശ്രീ. കുമാരമംഗലത്തിന്റെ ഒരു കത്ത് ഇക്കാര്യത്തിൽ ലഭിച്ചിരുന്നു.

സംസ്ഥാനവൈദ്യുതി ബോർഡിൽ ടേൺ കീ അടിസ്ഥാനത്തിൽ പദ്ധതി

113(1016) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എം. മുരളി :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാന വൈദ്യുതി ബോർഡിൽ ടേൺ-കീ അടിസ്ഥാനത്തിൽ ഏതെങ്കിലും പദ്ധതികളോ മറ്റ് പണികളോ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ ;

(സി) ഈ പദ്ധതികളുടേയോ പണികളുടേയോ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ബോർഡിന്റെ ഉദ്യോഗസ്ഥൻമാരാണോ ; ടേൺ-കീ അടിസ്ഥാനത്തിൽ പദ്ധതികളോ പണികളോ ചെയ്തവർ ആരാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ ആരെല്ലാമാണ് ടേൺ-കീ അടിസ്ഥാനത്തിൽ പദ്ധതികളോ പണികളോ ചെയ്യുന്നത് ;

(ഇ) ടേൺ-കീ അടിസ്ഥാനത്തിൽ ചെയ്യുന്ന ഓരോ പദ്ധതിയുടേയും പണിയുടേയും എസ്റ്റിമേറ്റ് എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി) ഉണ്ട്. താഴെപ്പറയുന്ന ജോലികളാണ് ടേൺ-കീ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ളത്/ നടന്നുകൊണ്ടിരിക്കുന്നത്.

1. കോഴിക്കോട് ഡീസൽ വൈദ്യുതി നിലയത്തിനാവശ്യമായ യന്ത്ര സാമഗ്രികൾ നൽകുകയും സ്ഥാപിച്ച് പ്രവർത്തനക്ഷമമായി നൽകുകയും ചെയ്യുക.

2. ഒ.ഇ.സി.എഫ്.ന്റെ ധനസഹായത്തോടെ ഇരിങ്ങാലക്കുടയിൽ 110 കെ.വി. സബ്സ്റ്റേഷനും അതിനോടനുബന്ധിച്ച് 12.5 കിലോ മീറ്റർ 110 കെ.വി. ഡി.സി. ലൈനും 25 കിലോമീറ്റർ 11 കെ.വി. ലൈനും, വലപ്പാട് 110 കെ.വി. സബ്സ്റ്റേഷനും 25 കിലോമീറ്റർ 11 കെ.വി. ലൈനും, പേരൂർക്കടയിൽ ഒരു 66 കെ.വി. സബ്സ്റ്റേഷനും 10 കിലോമീറ്റർ 11 കെ.വി. ലൈനും, കുറ്റിപ്പുറത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷനും 11.5 കിലോമീറ്റർ 110 കെ.വി. ഡി.സി.ലൈനും 10 കിലോമീറ്റർ 11 കെ.വി. ലൈനും , മല്ലപ്പള്ളിയിൽ ഒരു 110 കെ.വി. സബ്സ്റ്റേഷനും 15 കി. മീ. 11 കെ.വി. ലൈനും നിർമ്മിക്കുക.

3. കണ്ണൂർ ജില്ലയിൽ നിലവിലുള്ള മൂന്ന് 110 കെ.വി. സബ്സ്റ്റേഷനിൽ പുതിയ 16 എം. വി.എ., 110 കെ. വി. ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും, ആറ് പുതിയ 33 കെ.വി. സബ്സ്റ്റേഷൻ പണിയുകയും ചെയ്യുക.

(സി&ഡി) കോഴിക്കോട് ഡീസൽ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് പ്രീമിയർ എനർജി ടെക്നോളജീസ്, ഡൽഹി എന്ന സ്ഥാപനമാണ്. ഒ.ഇ.സി.എഫ്-ന്റെ സഹായത്തോടെയുള്ള ജോലികൾക്കും കണ്ണൂർ ജില്ലയിലെ മൂന്ന് 110 കെ.വി. സബ്സ്റ്റേഷന്റെയും ആറ് 33 കെ.വി. സബ്സ്റ്റേഷന്റെയും ജോലികൾക്കുള്ള എസ്റ്റിമേറ്റ് ബോർഡുദ്യോഗസ്ഥരാണ് തയ്യാറാക്കിയത്. കോഴിക്കോട് ഡീസൽ നിലയത്തിന്റെ പണി ഭാരത് ഹെവി ഇലക്ട്രിക്കൽസ് ആണ് ചെയ്തത്. ഒ.ഇ.സി.എഫ് സഹായത്തോടെയുള്ള സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട് ജോലികൾ, അഹമ്മദാബാദ് ഇലക്ട്രിസിറ്റി കൺസ്ട്രക്ഷൻ കമ്പനി, അഹമ്മദാബാദ്, മെസേർസ് എൽആന്റ് ടി, ചെന്നൈ, മെസേർസ് ബി.എസ്.ഇ.എസ്. ലിമിറ്റഡ്, ചെന്നൈ എന്നീ സ്ഥാപനങ്ങളാണ് ചെയ്യുന്നത്. കണ്ണൂർ ജില്ലയിലെ സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട ജോലികൾ എൽ ആന്റ് ടി യാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ)	കോഴിക്കോട് ഡീസൽ നിലയം	-	391.11 കോടി രൂപ
	ഇരിങ്ങാലക്കുട 110 കെ.വി. സബ് സ്റ്റേഷൻ	-	1376 ലക്ഷം രൂപ
	പേരൂർക്കട 66 കെ.വി. സബ് സ്റ്റേഷൻ	-	670 ലക്ഷം രൂപ
	മല്ലപ്പള്ളി 110 കെ.വി. സബ് സ്റ്റേഷൻ	-	619 ലക്ഷം രൂപ
	കുറ്റിപ്പുറം 110 കെ.വി. സബ് സ്റ്റേഷൻ	-	668 ലക്ഷം രൂപ
	കണ്ണൂർ ജില്ലയിലെ സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട ജോലികൾ-		17.37 കോടി രൂപ

വൈദ്യുതി വിതരണ വിഭാഗത്തിലെ സ്റ്റാഫ് പാറ്റേൺ

114(1017) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണവിഭാഗത്തിൽ ഉപഭോക്താക്കളുടെ വർദ്ധനവനുസരിച്ച് ജീവനക്കാരുടെ വർദ്ധനവ് ഉണ്ടാകാത്തതുമൂലമുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൈദ്യുതി വിതരണവിഭാഗത്തിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്ന് മുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ ;

(സി) വിവിധ ഡിസ്ട്രിബ്യൂഷൻ ആഫീസുകളിൽ ഉപഭോക്താക്കളുടെ വർദ്ധനവിന് ആനുപാതികമായി ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1995-ൽ ദീർഘകാല കരാർ നിലവിൽ വന്നത് മുതൽ.

(സി) ബോർഡിൽ ലാഭകേന്ദ്രങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി വർക്ക്സ്റ്റഡി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചശേഷം തീരുമാനം കൈക്കൊള്ളുന്നതാണ്.

കെ.എസ്.ഇ.ബി.യിലെ ഉദ്യോഗസ്ഥരുടെ സമുദായം തിരിച്ചുള്ള ലിസ്റ്റ്

115(1018) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly